കെ. എസ്.ആർ.ടി.സി. ന്യൂസ് ലെറ്റർ

20 (*560) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ശശികുമാർ :
ശ്രീ. എം. എം. മോനായി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കെ. എസ്.ആർ.ടി.സി ന്യൂസ് ലെറ്റർ എന്ന പ്രസിദ്ധീകരണം ആരംഭിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ന്യൂസ് ലെറ്ററിൽ,യാത്രാക്കാരും ജീവനക്കാരും അറിഞ്ഞിരിക്കേണ്ട എന്തെല്ലാം വിവരങ്ങലാണ് ഉൾപ്പെടുത്തുന്നത് ;

(സി) ബസ് ഗതാഗത രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ, കോർപ്പറേഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, ബസ് സർവ്വീസുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച പുതിയ വിവരങ്ങൾ ബുള്ളറ്റിനിൽ ഉൾപ്പെടുത്തുമോ ;

(ഡി) കെ.എസ്. ആർ.ടി.സി.ക്ക് ഒരു മാനവൽ ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കെ.എസ്.ആർ.ടി.സി ന്യൂസ് ലെറ്റർ ആകർഷകമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം, കോർപ്പറേഷൻ നേരിടുന്ന പ്രശ്നങ്ങൾ, അത്തരം പ്രശ്നങ്ങളെ നേരിടാനെടുക്കുന്ന നടപടികൾ, ബസ് ഗതാഗതരംഗത്തുള്ള മാറ്റങ്ങൾ, ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ, കോർപ്പറേഷൻ അതാതുസമയത്ത് ജീവനക്കാർക്ക് നൽകുന്ന ഉത്തരവുകൾ, അപകടം കുറയ്ക്കുന്നതിനും ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ എന്നിവ ജീവനക്കാർക്കും മറ്റുള്ളവർക്കും പകർന്നു കൊടുക്കുകയും അതുവഴി ജീവനക്കാർക്ക് ബോധവൽക്കരണം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് ന്യൂസ് ലെറ്റർ പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശ്യം.

(ബി) സർവ്വീസ് നടത്തുന്ന വേളയിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ജീവനക്കാർ അനുവർത്തിക്കേണ്ട കാര്യങ്ങൾ, വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ, പൊതുജനങ്ങളുമായുള്ള പെരുമാറ്റ രീതികൾ, പരാതികൾ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ, ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ബന്ധപ്പെടേണ്ട കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥരുടെ പേരും ഫോൺ നമ്പരുകളും, പുതിയ നിയമനങ്ങൾ, കാലാകാലങ്ങളിൽ കോർപ്പറേഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ഇന്ധനക്ഷമത ഉയർത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും പ്രാവർത്തികമാക്കേണ്ട നിർദ്ദേശങ്ങൾ, ബസ് ഗതാഗത രംഗത്തുള്ള മാറ്റങ്ങൾ, ബസ് സർവ്വീസുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, ജീവനക്കാരുടെ സ്തുത്യർഹമായ

LIBRARY ARCHIVES Kerala Legislative Assembly

സേവനങ്ങൾ, അഭിനന്ദനാർഹരായ ജീവനക്കാരുടെ വിവരങ്ങൾ, കെ.എസ്.ആർ. ടി.സി. ജീവനക്കാർ അറിഞ്ഞിരിക്കേണ്ടതും, പാലിക്കേണ്ടതുമായ പൊതു ഉത്തരവുകൾ, കാര്യക്ഷമമായ സർവ്വീസ് നടത്തിപ്പിനും അതുവഴി വരുമാന വർദ്ധനവിനും ഉതകുന്ന വിവരങ്ങൾ മുതലായവയാണ് ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഉൾപ്പെടുത്തുന്നതാണ്.

(ഡി) കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാരിൽ സർവ്വീസ് നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്ന ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ ജോലിയും ഉത്തരവാദിത്വങ്ങളും 1953-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ നടപ്പിലാക്കിയ മാന്വൽ പ്രകാരമാണ് നിർണ്ണയിച്ചിട്ടുള്ളത്. പലപ്പോഴും ജോലിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യാപകമായ സംശയങ്ങൾ നിലനിന്നുപോരുകയും ചെയ്തിരുന്നു. അക്കാരണത്താൽ ജോലിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് മലയാള ഭാഷയിൽ പരിഷ്ക്കരിച്ച മാന്വൽ തയ്യാറാക്കുന്നത് ആവശ്യമായിത്തീർന്നു. മാത്രമല്ല, മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് അടിസ്ഥാനപരമായ മാറ്റങ്ങളും അനിവാര്യമായി. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള മാന്വൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മലയാള ഭാഷയിൽ തയ്യാറാക്കി അംഗീകൃത തൊഴിലാളി സംഘടനകളുമായി ആവശ്യമായ പ്രാഥമിക ആശയ വിനിമയം നടത്തി, ഇതര ജീവനക്കാരുടെയും സൂപ്പർവൈസറി വിഭാഗങ്ങളുടെയും ജോലിയും ഉത്തരവാദിത്വങ്ങളും കൂടി ക്രോഡീകരിച്ച് മാന്വൽ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ഇ) പ്രസിദ്ധീകരണം ആകർഷകമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണം

21 (*561) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കുമോ ;

(ബി) മൃഗങ്ങളെ പാർപ്പിക്കുന്നതിനായി ആധുനിക രീതിയിലുള്ള വാസസ്ഥനങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) തിരുവനന്തപുരം മൃഗശാലയിലെ കുളങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) മൃഗശാലകൾ കൂടുതൽ ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly